മക്തബ്

1193 മിഥുനം 26 | 1439 ശവ്വാൽ 26

**കേൾക്കേണ്ട ശബ്ദം:**

അടുക്കളയിലെ ഞാനും എഴുത്തുമേശക്കരികിലെ ഞാനും രണ്ടും രണ്ടാണ്. എഴുതാൻ ഇരിക്കുമ്പോൾ നമുക്ക് തന്നെയുണ്ടാകുന്ന കുറ്റബോധം, അത് മാറിയാലേ സ്വാതന്ത്ര്യബോധമുണ്ടാകൂ.

- ഇ. സന്ധ്യ (എഴുത്തുകാരി)

## രാഷ്ട്രീയ ഭിക്ഷാംദേഹികളുടെ നാറിയ ലോകം

ഓർത്തഡോക്സ് സഭയിലെ നാല് വൈദികർ ലൈംഗിക ചൂഷണം നടത്തിയെന്ന വീട്ടമ്മയുടെ പരാതിയും ജലന്ധർ ബിഷപ്പ് പീഡിപ്പിച്ചുവെന്ന കന്യാസ്ത്രീയുടെ പരാതിയും കേരളീയ സമൂഹത്തെ ഞെട്ടിച്ച സംഭവങ്ങളാണ്. അതിന് പിറകേ ഓർത്തഡോക്സ് സഭയിലെ മറ്റൊരു വൈദികന് എതിരേ സമാന ആരോപണവുമായി മാവേലിക്കര സ്വദേശിനിയായ യുവതിയും രംഗത്തുവന്നിരിക്കുന്നു. സിസ്റ്റർ അഭയാക്കേസ് കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. കൊട്ടിയൂരിലെ വൈദികൻ പീഡിപ്പിച്ചുവെന്ന കേസും കോടതിയുടെ മുമ്പാകെയാണുള്ളത്. അടുത്ത കാലത്താണ് സ്വത്ത് തട്ടിപ്പുമായി ബന്ധപ്പെട്ട വിവാദം ഉയർന്നുവന്നത്. ഈ സംഭവ വികാസങ്ങൾ മതത്തിന്റെ ഇരുണ്ടയിടങ്ങളാണ് കാണിച്ചുതരുന്നത്.

ഈ ഇരുണ്ട ഗേഹങ്ങൾ എല്ലാ മതങ്ങളിലുമുണ്ട്. ആത്മീയ സ്ഥാപനങ്ങളെന്ന പേരിൽ തുടങ്ങുന്ന സ്ഥാപനങ്ങൾക്ക് വിദേശത്ത് നിന്നടക്കം അളവില്ലാത്ത പണമാണ് എത്തുന്നത്. അതിന്റെ ബലത്തിലാണ് ആൾദൈവങ്ങളും അമ്മ ദൈവങ്ങളും രോഗശാന്തിക്കാരുടെ ആശ്രമങ്ങളും ഒക്കെ തഴച്ചു വളരുന്നത്. കോളേജുകളും സ്കൂളുകളും മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളും സ്ഥാപിക്കുന്നത്. അവിടങ്ങളിലെ കഴുത്തറുപ്പൻ നടപടികളെ മറച്ചുവെക്കാൻ ചാരിറ്റബിൾ പ്രവൃത്തികളും അനാഥാലയങ്ങളും അഗതി മന്ദിരങ്ങളും. അതിന്റെ പേരിലും പണം ഒഴുകിയെത്തുന്നു. ആത്മീയ നേതാക്കളുടെ ജീവിതം നോക്കൂ. ചുരുങ്ങിയ കാലം കൊണ്ട് വൻ സമ്പന്നരായി വളർന്നവർ എത്ര. ശീതികരിച്ച മുന്തിയ കാറുകൾ ഒന്നിലേറെ സ്വന്തമാക്കിയ ആത്മീയ നേതൃത്വങ്ങൾ എത്ര.

അതുകൊണ്ട് മതം ഇന്ന് പഴയ മതമല്ല. "ഹൃദയരഹിത ലോകത്തിന്റെ ഹൃദയമായ" മതങ്ങളെ ഇന്ന് കാണാനില്ല. അത് മൂലധന കേന്ദ്രീകൃതമാണ്. ചാരിറ്റി പ്രവർത്തനമൊക്കെ നല്ലത് തന്നെ, പക്ഷെ, അതിനെക്കാൾ പ്രധാനമാണ് അനാഥരെയും അഗതികളെയും സൃഷ്ടിക്കുന്ന സാമൂഹ്യ വ്യവസ്ഥക്ക് എതിരായ പോരാട്ടം. ഭിക്ഷവാങ്ങിക്കുന്നവരും ഭിക്ഷ നൽകുന്നവരും ഇല്ലാത്ത ലോകം. അതേ കുറിച്ച് പറയേണ്ടുന്നവർ അക്കാര്യം പറയാൻ ആർജവത്തം നഷ്ടപ്പെട്ടവരാണ് എന്നതാണ് പുതിയ ലോകത്തിന്റെ വലിയൊരു പ്രശ്നം. അതിന് പകരം മത നേതാക്കളുടെ അരമനയിൽ വോട്ടുഭിക്ഷതേടി നടക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളാണ് നമുക്കുള്ളത്. മതത്തെക്കാൾ ഉയർന്ന മാനവ മൂല്യമാണ് ഞങ്ങളുടെ രാഷ്ട്രീയം മുന്നോട്ടുവെക്കുന്നതെന്ന് പറയാൻ കഴിയാത്ത വിധം ജീർണ്ണതയിലാണ് പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളും യുവജന സംഘടനകളുമെല്ലാം.

സ്വയം ഒരു സഭ സ്ഥാപിച്ച് അതിന്റെ മാർപാപ്പയും കത്തോലിക്ക ബാവയുമൊക്കെയായി സ്വയം പ്രഖ്യാപിച്ച മനുഷ്യർ ചുരുങ്ങിയ കാലം കൊണ്ട് ആയിരക്കണക്കിന് പള്ളികളാണ് സ്ഥാപിച്ചത്. കോടിക്കണക്കിന് സ്വത്തിന് ഉടമയായ ഈ മാന്യൻ സർക്കാരിന്റെ ഭൂമി പോലും കയ്യടക്കിയെന്ന ആരോപണം ശക്തമാണ്. എന്നാൽ അത് തിരിച്ചുപിടിക്കുന്നതിന് പകരം പുതിയ വിമാനത്താവളം പണിയാൻ അത് വിലകൊടുത്ത് വാങ്ങുന്നവരാണ് നമ്മളെ ഭരിക്കുന്നത്. മൂലധനത്തിന്റെ രാഷ്ട്രീയവും മൂലധനത്തിന്റെ മതവും തമ്മിലുള്ള അവിശുദ്ധ ബന്ധം ശക്തിപ്പെടുകയാണ്.

അതുകൊണ്ടാണ് ഇത്രയും പ്രമാദമായ ലൈംഗിക ആരോപണങ്ങൾ ഉയർന്നിട്ടും കേരളത്തിലെ രാഷ്ട്രീയ പാർട്ടികളോ, യുവജന സംഘടനകളോ അതിന് എതിരേ ഒരക്ഷരം ഉരിയാടാതിരിക്കുന്നത്. കത്വ പെൺകുട്ടിക്ക് വേണ്ടി മെഴുകുതിരി കത്തിച്ചുവച്ചവർ എന്തേ ഇപ്പോൾ മൗനത്തിലാണ്ടുപോയത്. പീഡനത്തിന് ഇരയായെന്ന് പറയുന്ന സ്ത്രീകൾ മരിക്കാതിരിക്കുന്നത് കൊണ്ടാണോ. ഏതെങ്കിലും രാഷ്ട്രീയ നേതാവിന് എതിരേ ഇത്തരം പരാതി ഉയർന്നിരുന്നെങ്കിൽ എതിർ പാർട്ടിക്കാരെങ്കിലും പ്രതികരിക്കുമായിരുന്നു. അങ്ങനെ പ്രതികരിച്ച ഒട്ടേറെ സംഭവങ്ങളുമുണ്ട് കേരളത്തിൽ. എന്നാൽ മതനേതാക്കളുടെ കാര്യം വരുമ്പോൾ എല്ലാ പക്ഷക്കാരുടെയും നാവിലെ ഉമിനീർ വറ്റിപ്പോകുന്നു. ഇടത്-വലത് പക്ഷക്കാരുടെ മാത്രമല്ല ബി.ജെ.പിക്കാരുടെതും.

സാധാരണ ഏതൊരു പീഡന പരാതിയിലും കേസെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്യും. പീഡനത്തിന് ഇരയായവർ നൽകുന്ന പരാതി മാത്രം മതി കേസെടുത്ത് അറസ്റ്റ് ചെയ്യാൻ എന്നാണ് നിയമം. എന്നാൽ ജലന്ധർ ബിഷപ്പിന്റെ കാര്യത്തിലും ഓർത്തഡോക്സ് സഭ വൈദികരുടെ കാര്യത്തിലും എന്തേ അറസ്റ്റ് നീട്ടിക്കൊണ്ടുപോകുന്നത്. അന്വേഷണം നടക്കുകയാണത്രെ. എന്നാൽ ഈ നാട്ടിലെ സാധാരണ 'കാമഭ്രാന്തന്മാരുടെ' കാര്യത്തിൽ നിയമം ഇങ്ങനെയല്ലല്ലോ പ്രവർത്തിക്കുന്നത്. പരാതി ലഭിച്ചാലുടൻ അറസ്റ്റാണല്ലോ പതിവ്. നിയമം ഇങ്ങനെ രണ്ടു വഴിക്ക് സഞ്ചരിക്കുന്നതിന്റെ അർത്ഥം ഭരണാധികാരികളും രാഷ്ട്രീയ നേതൃത്വങ്ങളും തമ്മിലുള്ള ബന്ധം കൊണ്ടുതന്നെയാണ്. ആശാറാം ബാപ്പുവും ഗുർമിത്സിങ്ങ് റാം റഹീമുമൊക്കെ കേരളത്തിലായിരുന്നെങ്കിൽ രക്ഷപ്പെട്ടുപോകുമായിരുന്നു!

മതങ്ങൾക്ക് അകത്തുപോലും ഒട്ടേറെ പുതുചലനങ്ങൾ നടക്കുന്നുണ്ട്. എല്ലാ മതങ്ങൾക്ക് അകത്തും വിമോചനത്തിന്റെ സത്ത കണ്ടെത്താൻ ചെറുതും വലുതുമായ അന്വേഷണങ്ങൾ നടക്കുന്നുണ്ട്. ഒരു കാലത്ത് ക്രൈസ്തവ സഭയിൽ ശക്തമായി ഉയർന്നുവന്ന വിമോചനധാരയെ കേരളത്തിൽ പോലും ഇല്ലാതാക്കിക്കളഞ്ഞു. സമീപകാലത്ത് ക്രൈസ്തവസഭക്ക് അകത്ത് ഫെമിനിസ്റ്റ് സ്പിരിചാലിറ്റി എന്ന ധാര ഉയർന്നുവന്നിട്ടുണ്ട്. "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നതിന് പകരം "സ്വർഗസ്ഥനായ ഞങ്ങളുടെ മാതാവേ" എന്നാണ് ഉപയോഗിക്കേണ്ടതെന്ന് സ്ത്രീത്വ ദൈവ ശാസ്ത്രകാരൻമാർ വാദിക്കുന്നുണ്ട്. പക്ഷെ, കേരളത്തിൽ ഇങ്ങനെയൊരു ധാര വളർന്നുവരില്ല. കാരണം വ്യവസ്ഥാപിത മതത്തിന് ഒരു ചെറുപോറൽ പോലും ഏൽക്കാതെ നോക്കുന്നവരാണ് രാഷ്ട്രീയ നേതൃത്വങ്ങൾ. കാരണം വോട്ടിന്റെത് മാത്രമല്ല. അതൊരു പ്രധാന കാര്യമായിരിക്കുമ്പോൾ തന്നെ പുതുധാരകൾ വ്യവസ്ഥാപിത രാഷ്ട്രീയത്തെയും പിടിച്ചുലക്കുമെന്ന് അവർ ഭയപ്പെടുന്നുണ്ട്.

# ജനവാസ മേഖലയിൽ മൊബൈൽ ടവർ; പ്രതിഷേധവുമായി നാട്ടുകാർ

ആലക്കോട്: ജനവാസ മേഖലയിൽ മൊബൈൽ ടവർ സ്ഥാപിക്കാൻ നീക്കം നടക്കുന്നതിനെതിരെ നാട്ടുകാർ പ്രതിഷേധവുമായി രംഗത്തുവന്നു. തടിക്കടവിന് സമീപം കുട്ടിക്കരിയിലാണ് സ്വകാര്യ കമ്പനിയുടെ മൊബൈൽ ടവർ സ്ഥാപിക്കുന്നതിന് നീക്കം നടക്കുന്നത്. സമീപവാസിയുടെ സ്ഥലം വീട് വെച്ച് താമസിക്കുന്നതിന് വേണ്ടിയെന്ന് പറഞ്ഞ് ബിനാമി പേരിൽ വാങ്ങിയതിന് ശേഷമാണ് മൊബൈൽ ടവർ സ്ഥാപിക്കുന്നതിനായി കൊണ്ടുപിടിച്ച ശ്രമങ്ങൾ നടക്കുന്നത്. ജനങ്ങളുടെ എതിർപ്പ് ഭയന്ന് രഹസ്യമായാണ് സ്ഥാപിക്കുന്നതിന് നീക്കം നടക്കുന്നതെന്ന് നാട്ടുകാർ പറയുന്നു. ടവർ സ്ഥാപിക്കുന്നതിന് അനുമതി തേടി ചപ്പാരപ്പടവ് പഞ്ചായത്ത് ഓഫീസിൽ കമ്പിനി അധികൃതർ അപേക്ഷ നൽകിയപ്പോഴാണ് സംഭവം നാട്ടുകാരുടെ ശ്രദ്ധയിൽപ്പെടുന്നത്. നിരവധി വീടുകൾ, മദ്രസ തുടങ്ങിയവ സ്ഥിതി ചെയ്യുന്നതിനോട് തൊട്ടടുത്താണ് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉയർത്തുന്ന മൊബൈൽ ടവർ സ്ഥാപിക്കുന്നതെന്നാണ് നാട്ടുകാരുടെ പരാതി. ഹൃദ്രോഗികൾ ഉൾപ്പെടെയുള്ളവരുടെ വീടുകളാണ് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്നത്. ഈ സാഹചര്യത്തിൽ മൊബൈൽ ടവറിന് യാതൊരു കാരണവശാലും അനുമതി നൽകരുതെന്നാണ് നാട്ടുകാരുടെ ആവശ്യം. ടവർ സ്ഥാപിക്കുന്നതിനെതിരെ നാട്ടുകാർ ചേർന്ന് കുട്ടിക്കരി മൊബൈൽ ടവർ വിരുദ്ധ ജനകീയ സമര സമിതി രൂപീകരിച്ചു. ചെയർമാനായി വാർഡ് മെമ്പർ സജി ഓതറയെയും കൺവീനറായി പി.എം.അബ്ദുൾറഷീദിനെയും തിരഞ്ഞെടുത്തു. സമര സമിതി ആഭിമുഖ്യത്തിൽ പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള അധികൃതർക്ക് പരാതി നൽകി.

*നെല്ലിപ്പാറയിൽ പണി പാതിവഴിയിലായ കണ്ണാടിപ്പാറ-കാക്കടവ് റോഡ്.*

## വിവാഹിതരായി

**അർഷിദ-അഷ്റഫ്**

ആലക്കോട്: കണിയഞ്ചാലിലെ സി.കെ.അബ്ദു (സി.കെ.ഹോട്ടൽ കരുവഞ്ചാൽ)-സാഹിദ ദമ്പതികളുടെ മകൾ അർഷിദയും മഗരയിലെ ഒ.സി.അസൈനാർ-കെ.വി.ഷെരീഫ ദമ്പതികളുടെ മകൻ അഷ്റഫും വിവാഹിതരായി.

## ഉദയഗിരിയിൽ ഹരിത കർമ്മസേന ഉദ്ഘാടനം ചെയ്തു

ആലക്കോട്: ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഉദയഗിരി പഞ്ചായത്തിൽ രൂപീകരിച്ച ഹരിത കർമ്മസേനയുടെ പ്രവർത്തനം കെ.സി.ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് സിജോ തുണ്ടിയിൽ, തോമസ് വെക്കത്താനം, സരിത മാത്യു, ബീന സുരേഷ്, ജോസഫ് വട്ടക്കൊട്ടയിൽ, ഡെയ്സി ചെറിയാൻ, മോഹനൻ ആലയിൽത്താഴെ, ജോസി സഖറിയാസ്, മുഹമ്മദ് ബഷീർ, എ.ആർ.പ്രദീപ്, പി.പി.പ്രസാദ് പ്രസംഗിച്ചു.

## കൊട്ട് പാട്ട് ആട്ടം ശിൽപ്പശാല

മയ്യിൽ: ഒറപ്പടി കലാകൂട്ടായ്മയുടെ ദശവാർഷികാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച 'കൊട്ട് പാട്ട് ആട്ടം' നാടൻ കലാ ശിൽപ്പശാല നാടൻപാട്ടു കലാകാരൻ ശരത് കുമാർ അത്താഴക്കുന്ന് ഉദ്ഘാടനം നിർവ്വഹിച്ചു. പി.പി. രമേശൻ അധ്യക്ഷനായി. കേമ്പ് കോ-ഓർഡിനേറ്റർ വിശാൽ രാജ്, മധു കണ്ടക്കൈ സംസാരിച്ചു. റഷി പട്ടുവം , സന്തോഷ് കരിപ്പൂൽ ,ശരത് അത്താഴക്കുന്ന് ശിൽപ്പശാലക്ക് നേതൃത്വം നൽകി. കുഞ്ഞിരാമൻ അയനത്ത്, എൻ.കെ. ഓമന സംസാരിച്ചു.

*സമസ്ത ഏഴാം ക്ലാസ് പൊതുപരീക്ഷയിൽ തളിപ്പറമ്പ് റൈഞ്ചിൽ ടോപ് പ്ലസ് നേടിയ മുക്കോല ഖിദ്മത്ത് മദ്രസ വിദ്യാർത്ഥിനി കെ.നാഫിഅ.*

## ബാലസംഘം വില്ലേജ് സമ്മേളനം

ശ്രീകണ്ഠപുരം: ബാലസംഘം ശ്രീകണ്ഠപുരം വില്ലേജ് സമ്മേളനം ജില്ലാ എക്സിക്യൂട്ടീവ് അംഗം വി വി മോഹനൻ ഉദ്ഘാടനം ചെയ്തു. ആതിര ശേഖരൻ അധ്യക്ഷ യായി. ഭാരവാഹികൾ - ആതിര ശേഖരൻ (പ്രസിഡന്റ്),സി.പി അഞ്ചിമ (വൈസ് പ്രസിഡന്റ്),ഐ വി ശ്രീരംഗ് (സെക്രട്ടറി), ലാവണ്യ (ജോ സെക്രട്ടറി), ബിന്ദു ബാലകൃഷ്ണൻ (കൺവീനർ), പി.പ്രണവ് (ജോ കൺവീനർ).

## അരിപ്പാമ്പ്രയിൽ റോഡരികുകൾ പുഴയെടുക്കുന്നു

പരിയാരം; അരിപ്പാമ്പ്രയിൽ പൊതുമരാമത്ത് റോഡിന്റെ പാർശ്വങ്ങൾ പുഴയിലേക്കിടിഞ്ഞ് അപകട ഭീഷണിയിൽ. പൂണ്ണക്കോട് അയ്യപ്പ ഭജനമഠനത്തിനടുത്ത റോഡരികാണ് മണ്ണിടിച്ചിൽ ഭീഷണി നേരിടുന്നത്. റോഡും പുഴയും തമ്മിൽ വേർതിരിക്കുന്ന നടപ്പാത ഇടിഞ്ഞ് തീരാറായ നിലയിലാണ്. കരയിടിച്ചിൽ തടയാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രിയദർശിനി ജനശ്രീമിഷൻ ഭാരവാഹികൾ ചപ്പാരപ്പടവ് പഞ്ചായത്ത് അധികൃതർക്കും പൊതുമരാത്ത് അസി.എഞ്ചിനീയർക്കും നിവേദനം നൽകി.

*ഉദയഗിരി പഞ്ചായത്ത് ഹരിത കർമ്മസേന കെ.സി.ജോസഫ് എം.എൽ.എ ഹ്ളാഗ്ഓഫ് ചെയ്യുന്നു*

## വ്യാപാരികളുടെ താലൂക്ക് ഓഫീസ് മാർച്ച് 16ന്

തളിപ്പറമ്പ്: ദേശീയപാത വികസനത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന വ്യാപാരികൾക്ക് പുനരധിവാസവും നഷ്ടപരിഹാരവും നൽകണമെന്നാവശ്യപ്പെട്ട് വ്യാപാരികൾ താലൂക്ക് ഓഫീസ് മാർച്ച് നടത്തും. തൊഴിൽ നഷ്ടപ്പെടുന്ന വ്യാപാരികൾക്ക് നഷ്ടപരിഹാര തുക 10ലക്ഷമായി വർധിപ്പിക്കുക, വ്യാപാര സ്ഥാപനങ്ങളുടെ താക്കോൽ നൽകുന്നതിന് മുമ്പായി തുക വിതരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് 16ന് വ്യാപാരിവ്യവസായി സമിതി തളിപ്പറമ്പ് ഏരിയ കമ്മിറ്റിയാണ് മാർച്ചും ധർണയും സംഘടിപ്പിക്കുന്നത്. രാവിലെ പത്തിന് ജില്ലാ സെക്രട്ടറി വി ഗോപിനാഥൻ ഉദ്ഘാടനം ചെയ്യും. മൂത്തേടത്ത് ഹൈസ്കൂൾ കേന്ദ്രീകരിച്ച് പ്രകടനവും നടത്തും.

*ഒറപ്പടി കലാകൂട്ടായ്മയുടെ കൊട്ട്പാട്ട് ആട്ടം ശിൽപ്പശാല നാടൻപാട്ട് കലാകാരൻ ശരത്കുമാർ അത്താഴക്കുന്ന് ഉദ്ഘാടനം ചെയ്യുന്നു.*

## രണ്ടാം സെമി നാളെ; പോരാട്ടം ഇംഗ്ലണ്ട് മുന്നേറ്റവും ക്രോട്ട് മധ്യനിരയും തമ്മിൽ

**നിയാസ് ഇബ്രാഹിം**

റഷ്യയിൽ കിരീടം നേടാൻ സാധ്യത കൽപിച്ചിരുന്ന ടീമുകളെല്ലാം നേരത്തെ തന്നെ പുറത്തായി. ഒരിക്കൽ പോലും സാധ്യത പട്ടികയിൽ ഫുട്ബോൾ ആരാധകർ ഇംഗ്ലണ്ടിനെയും ക്രൊയേഷ്യയെയും ഉൾപ്പെടുത്തിയിരുന്നില്ല. പക്ഷെ വമ്പൻ ടീമുകളെയടക്കം മടക്കി അയച്ച് ഇരു ടീമുകളും കരുത്ത് കാട്ടി. നാളെ നടക്കുന്ന രണ്ടാമത്തെ സെമിഫൈനൽ മത്സരത്തിൽ ഇരുടീമുകളും കൊമ്പുകോർക്കും. സ്ഥിരതയാർന്ന പ്രകടനം നടത്തിയാണ് ഇരുകൂട്ടരും സെമിയിൽ പ്രവേശിച്ചത്.

എല്ലാ പ്രവചനങ്ങളെയും കാറ്റിൽ പറത്തിയാണ് ഇംഗ്ലണ്ടിന്റെ മുന്നേറ്റം. ക്വാർട്ടറിൽ സ്വീഡനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് ഇംഗ്ലണ്ടിന്റെ വരവ്. ഇംഗ്ലണ്ടിന് ഇത് ഉയർത്തെഴുന്നേൽപ്പിന്റെ ലോകകപ്പാണ്. രണ്ട് വർഷം മുമ്പ് യൂറോ കപ്പിൽ ആദ്യ റൗണ്ടിൽ പുറത്തായ അവർ റഷ്യയിൽ സെറ്റ് പീസുകളുടെ സൗന്ദര്യമൊരുക്കുന്ന ഫുട്ബോളാണ് കളിക്കുന്നത്. ഒരുപിടി മികച്ച യുവതാരങ്ങളുടെ സാന്നിധ്യമാണ് ടീമിനെ കരുത്തരാക്കുന്നത്. യൂറോ കപ്പ് പരാജയത്തിന് ശേഷം പരിശീലകൻ സൗത്ത് ഗേറ്റ് ടീമിൽ അടിമുടി മാറ്റം വരുത്തിയതിന്റെ ഫലം റഷ്യയിൽ കാണുന്നുണ്ട്. ക്യാപ്റ്റൻ ഭാരം ചുമക്കുന്ന കെയ്ൻ മികച്ച പ്രകടനമാണ് കാഴ്ചവെക്കുന്നത്. 1990ന് ശേഷം ആദ്യമായാണ് ഇംഗ്ലീഷ് ടീം സെമി ഫൈനലിൽ ഇടം പിടിക്കുന്നത്. വിവിധ കാലഘട്ടങ്ങളിൽ ഇതിഹാസ താരങ്ങളടക്കം വന്ന് പോയെങ്കിലും 1966ന് ശേഷം ഇതുവരെ ടീമിന് കപ്പുയർത്താൻ സാധിച്ചിട്ടില്ല, പിടി തരാതെ മുങ്ങുന്ന വേൾഡ് കപ്പ് ഇക്കുറി നാട്ടിലെത്തിക്കാൻ ഉറപ്പിച്ചു തന്നെയാണ് ടീം റഷ്യയിലെത്തിയത്, കെയ്ൻ, ഡാണി വെൽബെക്ക്, ഹാരികെയ്ൻ, ജാമിവാർഡി, റഹിം സ്റ്റെർലിങ്ങ്, മാർക്കസ് റാഷ്ഫോർഡ് എന്നിവരാണ് മുന്നേറ്റ താരങ്ങൾ. ഇതിൽ രണ്ട് പേരെങ്കിലും ആദ്യ ഇലവനിൽ നിന്ന് പുറത്താവും. സുവർണ കാലഘട്ടത്തെ അനുസ്മരിപ്പിക്കുന്ന പ്രകടനം നടത്തുന്ന ടീമിന് റഷ്യയിൽ കപ്പുയർത്താൻ കരുത്തുണ്ട്.

**ഹാരികെയ്ൻ**

**മോഡ്രിച്ച്**

രണ്ടാം സെമിഫൈനൽ ഹാരി കെയ്നും മോഡ്രിച്ച് നയിക്കുന്ന ക്രൊയേഷ്യൻ മധ്യനിരയും തമ്മിലുള്ള യുദ്ധമായിരിക്കും. മധ്യനിരയുടെ കരുത്തിലാണ് ക്രൊയേഷ്യ സെമി ബെർത്ത് നേടിയത്. മാൻസുകിച്ചിന്റെ നേതൃത്വത്തിലുള്ള മുന്നേറ്റ നിരയെക്കാൾ ഇംഗ്ലണ്ട് ഭയക്കുന്നതും മധ്യനിരയെ തന്നെയായിരിക്കും. ലൂക്കാ മോഡ്രിച്ചിന് പുറമെ ഇവാൻ റാക്കിറ്റിച്ച്, പെരിസിച്ച്, കൊവാസിച്ച് തുടങ്ങിയ താരങ്ങൾ വമ്പൻ ക്ലബുകളുടെ മധ്യനിരക്കാരാണ്. എതിർ പ്രതിരോധത്തിൽ വിള്ളലുകളുണ്ടാക്കി മുന്നേറ്റ നിരക്കാർക്ക് യഥേഷ്ടം പന്തെത്തിക്കുന്ന ഇവർ നിർണ്ണായക സമയങ്ങളിൽ ഗോൾ കണ്ടെത്തുകയും ആവശ്യമുള്ളപ്പോൾ പ്രതിരോധത്തിലേക്ക് ഇറങ്ങി കളിക്കുകയും ചെയ്യുന്നു. ഗോൾകീപ്പർ സുബാസിച്ച് കൂടി ഫോമിലേക്കുയർന്നതോടെ ഇംഗ്ലണ്ട് ഏറെ വിയർക്കുമെന്നുറപ്പാണ്. ഗ്രൂപ്പ് ഘട്ടത്തിൽ കരുത്തരായ അർജന്റീനയെ വീഴ്ത്തിയവരാണെന്ന തിരിച്ചറിവും ഇംഗ്ലണ്ടിനെ സമർദ്ദത്തിലാക്കും.

## റോഡ് പുനർനിർമ്മാണം ഇഴയുന്നത് ദുരിതമുയർത്തുന്നു

ആലക്കോട്: മലയോര ഹൈവേയുമായി ബന്ധപ്പെട്ടുള്ള ബൈപ്പാസ് റോഡിന്റെ പുനർനിർമ്മാണ പ്രവർത്തികൾ ഇഴഞ്ഞു നീങ്ങുന്നത് നിരവധി പ്രദേശങ്ങളെ യാത്രാദുരിതത്തിലാഴ്ത്തുന്നു. നെല്ലിപ്പാറ ടൗണിന് സമീപം കണ്ണാടിപ്പാറ- രയരോം കാക്കടവ് റോഡ് പ്രവർത്തിയാണ് ഇഴയുന്നത്. കണ്ണാടിപ്പാറയിൽ മലയോര ഹൈവേ ഉയർത്തുന്നതിന്റെ ഭാഗമായാണ് ബൈപ്പാസ് റോഡ് പൊളിച്ചത്. എന്നാൽ മലയോര ഹൈവേയുടെ പ്രവർത്തി പൂർത്തീകരിച്ചുവെങ്കിലും കണ്ണാടിപ്പാറ റോഡിന്റെ പുനർനിർമ്മാണ പ്രവർത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. മെയിൻ റോഡിൽ നിന്ന് ഏറെ താഴെയാണ് ബൈപ്പാസ് റോഡ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത്. ഇതോടെ ഇതുവഴിയുള്ള വാഹന ഗതാഗതം നിലച്ചിരിക്കുകയാണ്. നിരവധി കുടുംബങ്ങൾ പുറംലോകവുമായി ബന്ധപ്പെടുന്ന റോഡാണിത്. റോഡ് പ്രവൃത്തി എത്രയും വേഗത്തിൽ പൂർത്തീകരിക്കണമെന്ന് ആവശ്യമുയർന്നു.

## കെ.എസ്.എസ്.പി.യു കൺവെൻഷനും നവാഗതർക്ക് സ്വീകരണവും

ആലക്കോട്: കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ ആലക്കോട് യൂണിറ്റ് കൺവെൻഷനും നവാഗതർക്കുള്ള സ്വീകരണവും തളിപ്പറമ്പ ബ്ലോക്ക് പ്രസിഡണ്ട് ടി.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജോയി തോമസ് പൊന്നാട്ട് അധ്യക്ഷത വഹിച്ചു. കെ.രവീന്ദ്രനാഥ്, പി.ഒ.വർക്കി, കെ.പി.നാരായണൻ നമ്പ്യാർ പ്രസംഗിച്ചു. എൻ.ടി.ജയിംസ് സ്വാഗതവും കെ.നാരായണൻ നന്ദിയും പറഞ്ഞു.

## ഹജ്ജ് പഠനക്യാമ്പ് നാളെ

തളിപ്പറമ്പ്: അമാനീസ് അസോസിയേഷൻ സെൻട്രൽ കമ്മിറ്റിയുടെ 13-ാമത് ഹജ്ജ് പഠനക്യാമ്പ് നാളെ ആരംഭിക്കും. രാവിലെ 9.30 മുതൽ വൈകുന്നേരം അഞ്ച് മണി വരെ നാടുകാണി ദാറുൽ അമാനിൽ കേരള മുസ്ലിം ജമാഅത്ത് സംസ്ഥാന ഉപാധ്യക്ഷൻ പട്ടുവം കെ.പി.അബൂബക്കർ മുസ്ലിയാർ ഉദ്ഘാടനം ചെയ്യുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. അൽ മഖർ വൈസ് പ്രിൻസിപ്പാൾ അബ്ദുൾ ഗഫൂർ ബാഖവി അധ്യക്ഷത വഹിക്കും. കയരളം മുഹിയുദ്ദീൻ ഫൈസി പ്രാർത്ഥന നടത്തും. അബ്ദുസ്സമദ് അമാനി 'മദീനയുടെ മാധുര്യം' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും. ഹജ്ജ് ട്രെയിനർ കൂറ്റമ്പാറ അബ്ദുറഹ്മാൻ ദാരിമി ക്യാമ്പിന് നേതൃത്വം നൽകും. ജില്ലാ നാഇബ് ഖാസി എം.വി.അബ്ദുറഹ്മാൻ ബാഖവി പരിയാരം, സമസ്ത ജില്ലാ സെക്രട്ടറി പി.പി.അബ്ദുൾ ഹക്കീം സഅദി പെരുമളാബാദ്, മുട്ടിൽ മുഹമ്മദ്കുഞ്ഞി ബാഖവി സംസാരിക്കും.

ദാറുൽ അമാൻ ക്യാമ്പസിൽ ഹജ്ജുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ നിർമ്മിച്ച് എല്ലാ കർമ്മങ്ങളും പ്രാക്ടിക്കലായി പരിശീലിപ്പിക്കും. മുഹമ്മദ്കുഞ്ഞി അമാനി പടപ്പേങ്ങാട്, മുഹമ്മദ് റഫീഖ് അമാനി, അബ്ദുൾ ഷുക്കൂർ അമാനി, മുനവ്വിർ അമാനി, അജീർ അമാനി, സൂഫിയാൻ അമാനി , ഇസ്മായിൽ അമാനി, പനാമ മുസ്തഫ ഹാജി, കെ.മുസ്തഫ ഹാജി സംബന്ധിക്കും. വാർത്താസമ്മേളനത്തിൽ അബ്ദുസമദ് അമാനി, മുഹമ്മദ് റഫീഖ് അമാനി, മുഹമ്മദ്കുഞ്ഞി അമാനി, കെ.പി.ജാഫർ ഹാജി സംബന്ധിക്കും.

*ചപ്പാരപ്പടവ് ഹയർസെക്കണ്ടറി സ്കൂളിൽ നിന്ന് ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ കൈരളി സ്വാശ്രയ സംഘം അനുമോദിക്കുന്നു*

## പഠനക്ലാസും അനുമോദന സമ്മേളനവും സംഘടിപ്പിച്ചു

ചപ്പാരപ്പടവ്: കൈരളി സ്വാശ്രയ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഏകദിന പഠനക്ലാസും അനുമോദന സമ്മേളനവും സംഘടിപ്പിച്ചു. എസ്.